(സി) എന്തെല്ലാം വിധത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയത്;

(ഡി) ഈ ക്രമക്കേടുകൾ നടത്തിയവരുടെമേൽ എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്ക് മാത്രം.

(ബി) ടി ധനസഹായത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.

(സി) സഹകരണ നിയമം 59 (1) പ്രകാരം ഗവൺമെന്റിന്റെ/സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദം വാങ്ങാതെ വർക്കിംഗ് ക്യാപിറ്റൽ ഓവർഡ്രാഫ്റ്റ് ആയി 10 കോടി രൂപ നൽകിയത് അംഗീകരിച്ച വായ്പാ നിബന്ധനകൾക്ക് വിരുദ്ധമായി ജംഗമവസ്തുക്കളുടെ ഈടിൻമേലാണ്.

(ഡി) ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

100 [5656] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ വി. ബാലറാം:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ ഭരണ സമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചപ്പോൾ പ്രസ്തുത സ്ഥാപനത്തിലെ പിരിച്ചു വിടപ്പെട്ട ഭരണ സമിതി, എന്തെങ്കിലും ക്രമക്കേടുകൾ നടത്തിയതായി കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകൾ;

(സി) പ്രസ്തുത ഭരണ സമിതി ഈടില്ലാതെയോ, മതിയായ ഈടില്ലാതെയോ വായ്പ നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആർക്കെല്ലാം; എന്തു തുക വീതം വായ്പ നൽകി എന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം വായ്പ നൽകപ്പെട്ടവർ തവണയടച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അവർ എന്തു തുകയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്;

(ജി) ഈ കുടിശ്ശിക എപ്രകാരം ഈടാക്കാമെന്ന് കരുതുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൈരളി ടി. വി. — 10 കോടി രൂപ
തിരുവൈരാണിക്കുളം ക്ഷേത്രം — 1 കോടി രൂപ
ശ്രീ. റ്റി. എസ്. ബൈജു, ശ്രീ. റ്റി. കെ. സുരേഷ് — 20 ലക്ഷം രൂപ

(ഇ) ഉണ്ട്.

(എഫ്) രണ്ട് വ്യക്തികൾക്ക് നൽകിയ വായ്പയിൽ മുതൽ/പലിശ ഇനത്തിൽ 68.68 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ജി) ആർബിട്രേഷൻ ഫയൽ ചെയ്ത് അവാർഡ് സമ്പാദിക്കുകയുണ്ടായി. ഇപ്പോൾ എക്സിക്യൂഷൻ നടപടികൾ തുടങ്ങിയിട്ടുണ്ട്.

പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസുകൾ

101 [5657] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി;

(ബി) തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം നാളിതുവരെ തെരഞ്ഞടുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ വന്ന കേസുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനകം കോടതി പുറപ്പെടുവിച്ച വിധികളുടെയും സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻമാർ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലങ്ങളുടെയും പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിക്കുന്നതിന് വീഴ്ച വരുത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അത് സംബന്ധിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) പന്ത്രണ്ട്.

(ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞടുപ്പ് പ്രഖ്യാപിച്ചശേഷം ഫല പ്രഖ്യാപനം വോട്ടെണ്ണൽ, ചാർജ്ജ് കൈമാറൽ എന്നിവയെ സംബന്ധിച്ചുള്ള കേസുകളാണ് ഫയൽ ചെയ്തിരുന്നത്.

(സി) വിധിയുടെയും സത്യവാങ്മൂലത്തിന്റെയും പകർപ്പുകൾ ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) ഉദ്യോഗസ്ഥൻമാർ കൃത്യവിലോപം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ അന്വേഷണത്തിന് പ്രസക്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly